GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Press Release

PR.44/2025 03.06.2025

**ജൂൺ 5 – ലോകപരിസ്ഥിതി ദിനാഘോഷം: സംസ്ഥാനതല ഉദ്ഘാടനം ഗവർണർ നിർവ്വഹിക്കും.**

തിരുവനന്തപുരം: ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 'പോരാടാം പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ' (Beat plastic pollution) എന്ന യുണൈറ്റഡ് നാഷൻസ് എൻവിയോൺമെന്റ് പ്രോഗ്രാം (UNEP) ആഹ്വാനം ഉൾക്കൊണ്ടുകൊണ്ട് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ സ്വയംഭരണ സ്ഥാപന പരിധികളിലെയും തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽ ഫലവൃക്ഷതൈകൾ നടുന്നു. പ്ലാസ്റ്റിക് മലിനീകരണത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ കൂടുതൽ അവബോധം സൃഷ്ടിക്കുക, പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ കോട്ടം തട്ടാതെ നിലനിർത്തുക തുടങ്ങിയവയാണ് പരിസ്ഥിതി ദിനാഘോഷ പരിപാടികളിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഈ വർഷത്തെ ലോക പരിസ്ഥിതി ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 5 വ്യാഴാഴ്ച രാവിലെ 11 മണിക്ക് ബഹു. കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ രാജ്ഭവനിൽ സിന്ദൂർ വരിക്ക പ്ലാവ് നട്ടുകൊണ്ട് നിർവഹിക്കും. കൃഷിമന്ത്രി പി പ്രസാദിന്റെ സാന്നിധ്യത്തിൽ നടക്കുന്ന പരിപാടിയിൽ വട്ടിയൂർക്കാവ് എം.എൽ.എ. വി.കെ. പ്രശാന്ത്, കാർഷികോൽപാദന കമ്മീഷണർ ഡോ. ബി.അശോക് ഐ.എ.എസ്. കൃഷിവകുപ്പ് ഡയറക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്. കർഷക പ്രതിനിധികൾ മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും. കോട്ടുകോണം മാവ്, സിന്ദൂർ വരിക്ക പ്ലാവ്, കിലോ പേര, ഹൈബ്രിഡ് റമ്പൂട്ടാൻ, തായ്‌ലൻഡ് ചാമ്പ എന്നീ തൈകൾ ആവും രാജ്ഭവനിൽ നടുക.

തദവസരത്തിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും തിരഞ്ഞെടുത്ത സ്കൂളുകളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ 3 മുതൽ 5 വീതം ഫലവൃക്ഷതൈകൾ നട്ടുകൊണ്ട് ഈ പരിപാടിയുടെ ഭാഗമാകും. കേരളത്തിലെ വിവിധ കാർഷിക പാരിസ്ഥിതിക മേഖല (AEZ) അധിഷ്ഠിതമായി അതാത് മേഖലകൾക്ക് അനുയോജ്യമായ ഫലവർഗ്ഗ വിളകൾ ആണ് തിരഞ്ഞെടുക്കുന്നത്. മാവ്, പ്ലാവ്, സപ്പോട്ട, റംബൂട്ടാൻ, പേര, ചാമ്പ, സീതപ്പഴം, മാങ്കോസ്റ്റിൻ, അവോക്കാഡോ, സുരിനാം ചെറി തുടങ്ങിയ ഫലവർഗ്ഗങ്ങൾക്ക് മുൻഗണന നൽകും. തൈകളുടെ നടീൽ, പരിപാലനം അനുബന്ധ വിഷയങ്ങളിൽ അതാത് പ്രദേശങ്ങളിലെ കൃഷി ഉദ്യോഗസ്ഥർ നിർദ്ദേശം നൽകുകയും നിരീക്ഷണം നടത്തുകയും ചെയ്യും.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**